**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി — ചെലവ് നിയന്ത്രണം — സർക്കാർ വകുപ്പ് തലവന്മാർക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് അനുമതി നൽകി — ഉത്തരവാകുന്നു.

**ധനകാര്യ(രഹസ്യ)വകുപ്പ്**

സ.ഉ.(പി)നം.172/2016/ധന. തീയതി, തിരുവനന്തപുരം 21/11/2016

പരാമർശം: 1. സ.ഉ.(കൈ.)നം.96/2003/പൊ.ഭ.വ. തീയതി 05.04.2003

2. സ.ഉ.(അ.)നം. 90/2011/ധന. തീയതി 01.03.2011

പരാമർശം1 പ്രകാരം സർക്കാർ വകുപ്പുകളിലെ വകുപ്പ് തലവന്മാർക്ക് ഏഴായിരം രൂപ വരെ വിലയുള്ള മൊബൈൽ ഫോൺ വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ പരാമർശം 2 പ്രകാരം വകുപ്പ്തലവന്മാർക്കുൾപ്പെടെ സർക്കാർ ചെലവിൽ മൊബൈൽ ഹാന്റ്സെറ്റ് വാങ്ങി നൽകേണ്ടതില്ലെന്ന് ഉത്തരവായിരുന്നു.

ഭരണപരമായി അനിവാര്യമായതിനാൽ മൊബൈൽ ഹാന്റ്സെറ്റ് അനുവദിക്കണമെന്ന് നിരവധി അപേക്ഷകൾ ലഭിക്കുകയും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചെയ്തതിന്റെയടിസ്ഥാനത്തിൽ ചുവടെചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി വകുപ്പ് തലവന്മാർക്ക് സർക്കാർ ചെലവിൽ മൊബൈൽ ഹാന്റ്സെറ്റ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. ഹാന്റ്സെറ്റിനും അനുബന്ധ ഉപകരണങ്ങൾക്കുമായി നികുതിയടക്കം ചെലവഴിക്കുന്ന തുകയിന്മേൽ പരമാവധി 15000 രൂപ വരെ അസ്സൽ ബിൽ/ഇൻവോയിസ് സാക്ഷ്യപ്പെടുത്തി നൽകി റീ-ഇംബേഴ്സ് ചെയ്യാവുന്നതാണ്.
2. നിലവിലെ ശമ്പള പരിഷ്കരണ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ സർക്കാർ വകുപ്പുകളുടെ മേധാവികൾക്കും (താൽക്കാലികചുമതലയിലുള്ളവർക്കും സമാന ശമ്പളസ്കെയിലിലെ തസ്തികകളിലുള്ളവർക്കും ഒഴികെ) ആവശ്യമെങ്കിൽ പുതിയ ഹാന്റ്സെറ്റ് വാങ്ങാവുന്നതാണ്.
3. ഐ.എം.ഇ.ഐ നമ്പർ സഹിതം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ള പ്രസ്തുത മൊബൈലും അനുബന്ധ ഉപകരണങ്ങളും ചുമതലയൊഴിയുമ്പോൾ പുതുതായി ചുമതലയേൽക്കുന്ന ഉദ്യോഗസ്ഥന് (താൽക്കാലിക ചുമതലയേൽക്കുന്നവർക്കുൾപ്പെടെ) കൈമാറേണ്ടതാണ്. അവയുടെ പരിപാലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ മാത്രം ചുമതലയും ബാധ്യതയുമായിരിക്കും.
4. വാങ്ങിയ തീയതി മുതൽ 3 വർഷക്കാലയളവിനുള്ളിൽ ഹാന്റ്സെറ്റ്/അനുബന്ധ ഉപകരണങ്ങൾ സർക്കാർ ചെലവിൽ വീണ്ടും വാങ്ങാൻ പാടുള്ളതല്ല.

01.11.2016 മുതൽ ഈ ഉത്തരവിന് പ്രാബല്യമുണ്ടായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**മിൻഹാജ് ആലം ഐ.എ.എസ്.**

**ധനകാര്യ റിസോഴ്സസ് സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള സർവ്വകലാശാല / കൊച്ചിൻ / കാലിക്കട്ട് / മഹാത്മ ഗാന്ധി / കണ്ണൂർ / കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതിവിന്റെ പ്രൈവറ്റ് സെക്രട്ടറി.
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ സർക്കാർ കമ്പനികളുടേയും / ബോർഡ് / കോർപ്പറേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മനേജിംഗ് ഡയറക്ടർ / ജനറൽ മാനേജർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ